190
M-S
258

# സ്നേഹം

അല്ലെങ്കിൽ

# വെള്ളറിന്റെ കഥ

എം. ഉദയവർമ്മരാജ ബി. എ.

---

ബി. വി. ബുക്ക് ഡിപ്പൊ,
തിരുവനന്തപുരം

---

പകർപ്പവകാശം

---

1091

വില ചക്രം 4

'കമലാലയം അച്ചുക്കൂടം'

# സ്നേഹം

അല്ലെങ്കിൽ

# വെള്ളുവിൻെറ കഥ

എം. ഉദയവർമ്മരാജ ബി. എ.

---

ബി. വി. ബുക്ക് ഡിപ്പോ,
തിരുവനന്തപുരം

---

പകർപ്പവകാശം

---

1091

വില ചക്രം 4

'കമലാലയം അച്ചുക്കൂടം'




'വെല്ലു! എന്താണ് കളഞ്ഞുപോയിരുന്നതു് എന്ന് ആ മനു
ഷ്യൻ ചോദിച്ചു'

(൨൯-ാം ഭാഗം നോക്കുക)

# സ്നേഹം

### അല്ലെങ്കിൽ

# വെള്ളുവിന്റെ കഥ

---

## ഭാഗം ൧

### വെള്ളു

൧. ഒരു പട്ടിയും ഒരു പൂച്ചയും ഒരുമിച്ചുപാൎത്തു. അവരുടെ യജമാനനായ അസാധാരണമനുഷ്യൻ സമീപത്തുള്ള ഗുഹയിലും പാൎത്തിരുന്നു.

൨. ഒരു ദിവസം അസാധാരണമനുഷ്യൻ ചുരുട്ടുവലിച്ചുകൊണ്ടു വാതിൽക്കൽ ഇരുന്ന സമയം പട്ടി അവനെ കാണ്മാൻ വന്നു. പട്ടിയുടെപേരു് 'വെള്ളു' എന്നായിരുന്നു.

൩. അസാധാരണമനുഷ്യൻ 'ഹും' 'ഹും' 'ഹും' എന്നു പുകവിട്ടു. അവന്റെ കയ്യിൽ ഒരു ചെറിയസഞ്ചി ഉണ്ടായിരുന്നതു് പട്ടി കണ്ടു.

൪. 'വെള്ളൂ!', 'എനിക്കുവേണ്ടി കടൽപുറത്തു വളരെ വളരെ അകലെ ഉള്ള ഒരു കുടിലിലേക്കു് ഈ സഞ്ചി നീ കൊണ്ടുപോകണം,' എന്നു് അവൻ പറഞ്ഞു.

൫. 'യജമാനനെ! ഞാൻ എങ്ങനെ വഴിയറിയും?' എന്നു പട്ടി ചോദിച്ചു.

൯. 'വഴി ഞാൻ പറഞ്ഞുതരാം,' എന്ന് അവൻ പറഞ്ഞു. 'നീ ഇപ്പോൾ ഉറങ്ങാൻപോക. എന്നാൽ സൂര്യൻ ഉദിക്കുമ്പോൾ എഴുന്നേൽക്കാം.'

---

## ഭാഗം ൨

### വെള്ള പൂച്ചയോടു പറയുന്നു

൧. വെള്ള കൂട്ടിലേക്ക് ഓടിച്ചെന്നു പറഞ്ഞു: 'പ്രിയമുള്ള പൂച്ചേ! അസാധാരണമനുഷ്യനുവേണ്ടി ഞാൻ കടൽപുറത്തേക്കു പോകേണ്ടിയിരിക്കുന്നു. 'എന്താ? കൊള്ളരുതോ?'


൨. 'ഞാനുംകൂടെവരട്ടോ?' എന്നു പൂച്ച ചോദിച്ചു.

൩. 'വേണ്ടാ,പൂച്ചെ!അതു നിനക്കു ദൂരം കുറെ അധികം ആകുന്നു. വളരെ ദൂരം പോകുവാൻ നിനക്ക് ഒരു വാഹനം വേണമല്ലൊ' എന്നു പട്ടി പറഞ്ഞു.

൪. 'ശരിതന്നെ,' പൂച്ച പറഞ്ഞു, 'കാററും മഴയും ഏററുകൊണ്ടു ഞാൻ അധികം ദൂരം ഓടിയാൽ പട്ടുപോലുള്ള എന്റെ രോമങ്ങളുടെ അഴകു കുറഞ്ഞു പോകും.'

൫. 'ഇനി ഞാൻ ഉറങ്ങട്ടെ. സൂര്യൻ ഉദിക്കുമ്പോൾ എഴുന്നേൽക്കണം എന്നു പറഞ്ഞിട്ടുണ്ട്' എന്നു പറഞ്ഞ് പട്ടി ഉറങ്ങാൻ കിടന്നു.

---



'ഞാനുംകൂടെ വരട്ടൊ?'

## ഭാഗം ൩

### കടൽ പുറത്തെക്കുള്ളവഴി

൧. സൂൎയ്യൻ ഉദിച്ചപ്പോൾ പട്ടി ഗുഹയിലേക്കു് ഓടി.

൨. അസാധാരണമനുഷ്യൻ ചെറിയ സഞ്ചിയും കൊണ്ടു വാതില്ക്കൽ നിന്നിരുന്നു. 'ഞാൻ ഇതു നിൻെറ കഴുത്തിൽ കെട്ടിയേക്കാം,' എന്നു പറഞ്ഞു് അവൻ സഞ്ചി പട്ടിയുടെ കഴുത്തിൽ കെട്ടി.

൩. 'ഇനി ഞാൻ നിനക്കു വഴി പറഞ്ഞുതരാം; ആ ചാലുകടന്നു കുന്നുകേറി തരിശുനിലത്തിൽ എത്തണം; അവിടെ ഒരു വഴി കാണാം, ആ വഴിയെ പോ

യാൽ കടൽപുറത്തുള്ള കുടിലിൽ ചെല്ലാം' എന്നു് അവൻ പറഞ്ഞു.

൪. 'കുടിലു് ഠരം ഗുഹപോലെയാണോ? യജമാനനെ!' എന്നു വെള്ളു ചോദിച്ചു.

൫. 'അല്ല, അതു് ഒരു വള്ളം കൊണ്ടുണ്ടാക്കിയതാണു്. ആ കുടിലിൽ ഒരു കിഴവിയമ്മയെ കാണാം. ഈ സഞ്ചി അവൾക്കു കൊടുക്കാനാണു്. വൃദ്ധനായ വെള്ളൂ! ദൈവം നിന്നെ രക്ഷിക്കട്ടെ!, എന്നു് അവൻ പറഞ്ഞു.

൬. 'യജമാനനു വന്ദനം. അവിടുന്നു പറയുന്നതുപോലെ ഞാൻ ചെയ്യാം' എന്നു വെള്ളു പറഞ്ഞു.

൭. 'വഴി തെററാതെ പോകണേ,' അസാധാരണമനുഷ്യൻ പറഞ്ഞു, 'സഞ്ചി ആരുംകൈക്കലാക്കാൻ ഇടയാകരുതേ. നിനക്കു നല്ലതുവരട്ടെ!' പട്ടി അവിടെനിന്നും പുറപ്പെട്ടു.

---

## ഭാഗം ൪

### കാക്ക വരുന്നു

൧. അസാധാരണമനുഷ്യൻ പട്ടിയുടെ കഴുത്തിൽ സഞ്ചി കെട്ടിയസമയം ഒരു കാക്ക ഗുഹയുടെവക്കത്തു് ഉണ്ടായിരുന്നു.

൨. വെള്ളു പുറപ്പെട്ടതു കണ്ടുകൊണ്ടു കാക്ക ചാലിലേക്കു പറന്നു, വേഗത്തിൽ പട്ടിയുടെ അടുക്കൽ എത്തി.

൩. 'പ്രിയമുള്ള പട്ടി! നിനക്കു സൌഖ്യം തന്നെയോ?,' കാക്ക ചോദിച്ചു, നീ കടൽപ്പുറത്തേക്കുപോകുന്നു; അല്ലേ?'

൪. 'അതെ' എന്നു പട്ടി പറഞ്ഞു.

൫. 'വിരോധമില്ലെങ്കിൽ, ഞാൻ നിനക്കു വഴികാണിച്ചുതരാം' എന്നു കാക്ക, പട്ടിയോടുകൂടെ കുന്നുകേറിക്കൊണ്ടു, പറഞ്ഞു.

൬. 'നിന്റെ കഴുത്തിൽ ഒരു സഞ്ചി കാണുന്നല്ലോ. അകത്ത് എന്തുണ്ടെന്നു ഞാൻ ഒന്നു നോക്കിക്കൊള്ളട്ടെ' എന്നു കാക്ക പിന്നെ പറഞ്ഞു.




'സഞ്ചിക്കകത്തെന്തുണ്ടെന്നു ഞാനൊന്നു നോക്കിക്കൊള്ളട്ടെ'

൬. 'വയ്യാ,' വെള്ള പറഞ്ഞു, 'അകത്തു് എത്തി നോക്കാൻ അനുവദിക്കാൻ പാടില്ല'.

൭. 'ആഹാ! എന്നാൽവേണ്ടാ' എന്നു തല വെട്ടിക്കൊണ്ടു കാക്ക പറഞ്ഞു.

൮. ക്രമേണ അവർ തരിശുനിലത്തിൽ എത്തി, കടലിൽനിന്നുവന്ന സുഖകരമായ കാററു് ഏററു. 'കടൽകാററു് എനിക്കു് ഇഷ്ടമല്ല, അതിന്റെ തണുപ്പു് എനിക്കു സഹിക്കാൻവയ്യാ,' എന്നു പറഞ്ഞു കാക്ക തിരിയെപോയി.

൯. കാക്കയ്ക്കു കടൽകാററു് ഇഷ്ടമാകാഞ്ഞതു് എന്തുകൊണ്ടാണു്? ദുസ്സ്വഭാവം കൊണ്ടുതന്നെ.

---

## ഭാഗം ൩

### വള്ളംകൊണ്ടുണ്ടാക്കിയ കുടിൽ

൧. വെള്ള തരിശുനിലത്തിന്റെ അററത്തു് എത്തിയപ്പോൾ പരന്നുകിടക്കുന്ന കടൽ കണ്ടു സന്തോഷിച്ചു.

൨. 'ക്ഷണത്തിൽ ഇരുട്ടുവരും,' അവൻ പറഞ്ഞു, 'അതുകൊണ്ടു ഞാൻ ഇനി വേഗത്തിൽ ഓടണം'.

൩. അവൻ ആകുംവണ്ണം വേഗത്തിൽ ഓടി മണലിൽ എത്തി.

൪. അവൻ കടൽകരയിൽകൂടെ വളരെ ദൂരം ഓടി, ഒടുവിൽ ഒരു കുടിൽ കണ്ടു. അവൻ സൂക്ഷിച്ചുനോക്കി. അതെ! അതു കമത്തിവച്ച ഒരു വള്ളം ആയിരുന്നു.

൨. 'ആ കുടിൽ ഇതുതന്നെ ആയിരിക്കണം' എന്നു പട്ടി നിശ്ചയിച്ചു. അവൻ വാതിൽക്കൽ ചെന്നു നിന്നു കുരച്ചു.




'ആ കുടിൽ ഇതുതന്നെയായിരിക്കണം'

൩. 'ബൌ, വൌ, വൌ,' എന്നു പട്ടി ശബ്ദിച്ചു. കതക് അടച്ചിരുന്നു.

---

## ഭാഗം ൩

### കിഴവിയമ്മ

൧. കുറച്ചുകഴിഞ്ഞപ്പോൾ ഒരാൾ വാതിൽക്കൽ വന്നു. അതു് ആരായിരുന്നു? കിഴവിയമ്മതന്നെ. അ

വൾക്കു നീണ്ടമൂക്കും നീണ്ട താടിയും ഉണ്ടായിരുന്നു. അവളുടെ കണ്ണുകളിൽ വിഷാദഭാവം പട്ടി കണ്ടു.

൨. 'നിനക്കു് എന്തു വേണം? നീ എന്തിനായി ഇവിടെവന്നു?' എന്നു് അവൾ ചോദിച്ചു.

൩. 'ഈ സഞ്ചിയുംകൊണ്ടു ഞാൻ അസാധാരണമനുഷ്യന്റെ അടുക്കൽനിന്നുവരുന്നു' എന്നു വെള്ളു പറഞ്ഞു. 'ദയചെയ്തു് എന്റെ കഴുത്തിൽ നിന്നു് ഇതി നെ നിങ്ങൾ എടുക്കാമോ?'

൪. അപ്പോൾ കിഴവിയമ്മ വെള്ളുവിനെ അകത്തേക്കു വിളിച്ചു. അവൾ ഇരുന്നു, പട്ടിയുടെ കഴുത്തിൽ കെട്ടിയിരുന്ന സഞ്ചി എടുത്തു.

---

## ഭാഗം ൬

### സഞ്ചിയിൽ എന്തുണ്ടായിരുന്നു

൧. വെള്ളു ആ കുടിലിനകത്തു് എല്ലായിടവും നോക്കി. ഒരു അററത്തു് ഒരു കിടക്കയും ഒരു വശത്തു് ഒരു വലിയപെട്ടിയും ഉണ്ടായിരുന്നു.

൨. കിഴവി സഞ്ചിക്കകത്തു നോക്കുന്നതു പട്ടി കണ്ടു. അതിനകത്തെന്തുണ്ടായിരുന്നു.? ഒരു ചീട്ടു് അത്രയേ ഉള്ളു. ചീട്ടിന്മേൽ ഒരു വാക്കു് എഴുതിയിരുന്നു. എന്നാൽ വെള്ളു ആ വാക്കു കണ്ടില്ല.

൩. 'ഇത്ര ദൂരം വന്നതുകൊണ്ടു നീ ഒരു നല്ല പട്ടിതന്നെ ആകുന്നു,' അവൾ പറഞ്ഞു, 'ഞാൻ നിനക്കു ഭക്ഷണത്തിനു വല്ലതും തരാം.'

൪. അവർ വെള്ളുവിന്നു കുറെ ഭക്ഷണസാധനം കൊടുത്തു. അതു തിന്നതിൻെറശേഷം പട്ടി നെരിപ്പോടിൻെറ അടുക്കൽ ഉള്ള പായിൽ കിടന്നു് ഉറങ്ങി.

൫. വളരെ ദൂരം നടന്നതുകൊണ്ടു വിശ്രമിക്കുവാൻ അവനു സന്തോഷംതോന്നി.

---

## ഭാഗം ൩

കിഴവിഅമ്മ എന്തിനായി വിഷാദിച്ചു.

൧. കുറേദിവസത്തേക്കു വെള്ളു പഴേ വീട്ടിലേക്കു തിരിച്ചുപോയില്ല. 'നല്ലതുള്ള പട്ടി! നീ എൻെറ കൂടെ താമസിക്കുക' എന്നു കിഴവിയമ്മ പറഞ്ഞിരുന്നു. അതുകൊണ്ടു് അവൻ അവളുടെ കൂടെ തന്നെ പാർത്തു.

൨. പകൽ സമയത്തു്, അവൻ കടൽക്കരയിൽ ഓടിനടക്കും അല്ലെങ്കിൽ കടലിൽ ഇറങ്ങി മുങ്ങും. എന്നാൽ രാത്രിയിൽ അവൻ കിഴവിയുടെ കൂടെ തീകാച്ചിക്കൊണ്ടിരിക്കയേ ഉള്ളു.

൩. കിഴവിയുടെ നോട്ടത്തിൽ വ്യസനഭാവം ഉണ്ടായിരുന്നു എന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഒരു ദിവസം വെള്ളു ചോദിച്ചു, 'അമ്മേ! എന്തിനായി നിങ്ങൾ വിഷാദിക്കുന്നു? വല്ല സാധനവും കളഞ്ഞുപോയിട്ടുണ്ടോ?'

൪. 'ഉവ്വ്, ഒന്നു കൈവിട്ടു പോയിട്ടുണ്ടു്' എന്നു് അവർ പറഞ്ഞു.

൫. 'അതു സ്വർണ്ണം ആയിരിക്കുമോ?' എന്നു പട്ടി ചോദിച്ചു.

൯. 'അല്ല, സ്വൎണ്ണം കൊടുത്താലും അതു കിട്ടുന്നതല്ല' എന്നു കിഴവി പറഞ്ഞു.

൰. അപ്പോൾ എന്തു പറയണം എന്നു വെള്ളുവിനു തോന്നിയില്ല. അതിനാൽ കൈകൾ അവളുടെ




'വെള്ളു കൈകൾ അവളുടെ മടിയിൽ വച്ചു'

മടിയിൽ വച്ചു, ദയയോടെ വെള്ളു അവളുടെ മുഖത്തു നോക്കി, ഒരു വാക്കുപോലും പറഞ്ഞില്ല.

---

## ഭാഗം ൩

### വെള്ളു കരച്ചിൽ കേൾക്കുന്നു.

൧. ഒരുദിവസം രാത്രിയിൽ കിഴവിയും വെള്ളുവുംകൂടെ തീ കാച്ചിക്കൊണ്ടിരുന്നപ്പോൾ വെള്ളു ചാടി




'വെള്ളച്ചാടി എഴുന്നേററു പറഞ്ഞു: ഞാൻ ഒരു കരച്ചിൽ കേൾക്കുന്നു'

എഴുന്നേററു പറഞ്ഞു: 'ഞാൻ ഒരു കരച്ചിൽ കേൾക്കുന്നു. വെളിയിൽ ഇറങ്ങി നോക്കട്ടെ.'

൨. 'നല്ല ഇരുട്ടുള്ളതിനാൽ വഴികാണുക ഇല്ലല്ലോ. ഞാൻ കരച്ചിൽ കേട്ടുമില്ല' എന്നു കിഴവി പറഞ്ഞു.

൩. 'ദയ ഉണ്ടായി എന്നെ അയയ്ക്കണെ' എന്നു വെള്ളു പറഞ്ഞു. അതിനാൽ അവൾ അവനെ വെളിയിൽ ഇറങ്ങാൻ അനുവദിച്ചു.

൪. അവൻ കടൽക്കരയിൽ കൂടെ ഓടി. നിലാവിൻെറ വെളിച്ചം കുറച്ചുണ്ടായിരുന്നു.

൫. കരച്ചിൽ കടലിൽ ആണു കേട്ടതു്. വെള്ളു സൂക്ഷിച്ചുനോക്കിയപ്പോൾ കടലിൽ ഒരു കറുത്ത പദാൎത്ഥം

കണ്ടു. അതു തിരമാലയിൽ അകപ്പെട്ടു പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. കരച്ചിൽ അതിനകത്തു നിന്നായിരുന്നു വന്നതു്.



'അവൻ പിന്നെ അവളുടെ ഉടുപ്പിൽ കടിച്ചു പിടിച്ചു'

---

## ഭാഗം ൧൦

### വെള്ളു കടലിൽ ഇറങ്ങുന്നു.

൧. വെള്ളു കടലിൽ ചാടി നീന്തി. എന്നാൽ ഉരുണ്ടു മറിഞ്ഞുകൊണ്ടിരുന്ന അലകൾ അവനെ പുറകോട്ടു് അടിച്ചുകളഞ്ഞു.

൨. ആ കറുത്ത പദാൎത്ഥത്തിൽ പിടിക്കാൻ അവൻ ഏറ്ററവും ശ്രമിച്ചു. എന്നാൽ അതു വളരെ അകലെ ആയിരുന്നു.

൩. ഒടുവിൽ കിഴവിയെ ഞാൻ കൂട്ടിക്കൊണ്ടുവരാം എന്നുപറഞ്ഞു് അവൻ കുടിലിലേക്കു തന്നെ ഓടി.

൪. വന്നോ, വന്നോ, വന്നോ, എന്നു് അവൻ കിഴവിയോടു പറഞ്ഞു, പിന്നെ അവളുടെ ഉടുപ്പിൽ കടിച്ചുപിടിച്ചു മുമ്പോട്ടു വലിച്ചു. അതിനാൽ അവൾ പുതച്ചുംകൊണ്ടു പുറപ്പെട്ടു.

൫. കടലിൽ കണ്ട കറുത്ത പദാൎത്ഥം എന്തായിരുന്നു? ഞാൻ പറയാം.

---

## ഭാഗം ൧൧

### കിഴവിയമ്മ ധീരയാകുന്നു.

൧. കറുത്ത പദാൎത്ഥം കണ്ടപ്പോൾ കിഴവി പറഞ്ഞു: 'അതു് ഒരു വള്ളം ആകുന്നു. വെള്ളു! എനിക്കു് എ




'കിഴവി പറഞ്ഞു: അതു് ഒരു വള്ളമാകുന്നു'

ത്തിപ്പിടിക്കാൻ വയ്യാ; അതു വള്ളരെ അകലെ കിടക്കുന്നു.'

൬. കടലിൽ ഇറങ്ങി ശ്രമിച്ചുനോക്കണം, വെള്ളു പറഞ്ഞു, കരച്ചിൽ കേൾക്കുന്നതു വള്ളത്തിൽ ആണ്. ഞാൻ സഹായിക്കാം.

൭. കിഴവി കടലിൽ ഇറങ്ങി. ഉരുണ്ടുമറിയുന്ന അലകൾ അവളുടെമേൽ അടിച്ചു, എന്നിട്ടും അവൾ മുമ്പോട്ടുതന്നെ നടന്നു.

൮. അവളുടെ പാദങ്ങൾ നനഞ്ഞു, കൈകൾ നനഞ്ഞു. ഒരുവിധത്തിൽ അവൾ വള്ളത്തിൽ പിടികൂടി.

൯. അപ്പോൾ വെള്ളു അവളുടെ ഉടുപ്പിൽ കടിച്ചുപിടിച്ചു വലിച്ചു വലിച്ചു കൊണ്ടുവന്നു. ഒടുവിൽ അവൾ വള്ളം കരയ്ക്കു വലിച്ചുകേററി.

൰. വെള്ളു വള്ളത്തിനകത്തേയ്ക്കു ചാടി. അവൻ




'വള്ളത്തിൽ അവൻ എന്തുകണ്ടു?'

എന്തുകണ്ടു? ഒരു കുട്ടിയെക്കണ്ടു—കറുത്ത തലമുടിയുള്ള ഒരു ചെറിയ കുട്ടി തീരെ നനഞ്ഞുകിടക്കുന്നു.

---

## ഭാഗം ൧൨

### ആനന്ദം വരുന്നു.

൧. കിഴവി ചെറിയ കുട്ടിയെ കയ്യിൽ എടുത്തു് അവർ കുടിലിലേയ്ക്കു തിരിച്ചു.

൨. അവർ എത്ര നനഞ്ഞിരുന്നു! ശരീരത്തിൽനിന്നു വെള്ളം ഇററി ഇററി വീണു. കുടിലിൽ വലിയ നെരിപ്പോടിൽ തീ കത്തിക്കൊണ്ടിരുന്നു.

൩. കുട്ടിയെ വേഗത്തിൽ തീയുടെ അരികെ കൊണ്ടുപോയി പിടിച്ചു നനഞ്ഞ തുണിയെല്ലാം അവൾ അഴിച്ചെടുത്തു.

൪. പിന്നെ അവൾ കുട്ടിയെ കരിമ്പടംകൊണ്ടു പുതപ്പിച്ചു് കുറെ ചൂടുള്ള പാൽ കൊടുത്തു. കുട്ടിയുടെ കരച്ചിൽ മാറി, എന്തെന്നാൽ തണുപ്പു വിട്ടു്, അതിനു സുഖം തോന്നി.

൫. കുട്ടിയുടെ കറുത്ത കണ്ണുകൾ വെള്ളുവിന്റെ മുഖത്തു പതിഞ്ഞപ്പോൾ, 'ദയ ഉള്ള പട്ടി! നിനക്കു വന്ദനം. അമ്മയും നീയുംകൂടെ എന്നെ വള്ളത്തിൽനിന്നു എടുത്തു കൊണ്ടുവന്നതിനാൽ നിങ്ങൾ ഗുണമുള്ള



'ദയയുള്ള പട്ടി! നിനക്കു വന്ദനം'

വരാകുന്നു' എന്നു കുട്ടി പറഞ്ഞതുപോലെ തോന്നി.

൬. പിന്നീടു കിഴവി കുട്ടിയെ കിടത്തി അതു വേഗത്തിൽ ഉറങ്ങി.

---

## ഭാഗം ൩

### വലിയ പെട്ടി.

൧. കിഴവി ഉണങ്ങിയ ഉടുപ്പ് ധരിച്ചു. പട്ടിയാകട്ടെ രോമങ്ങളെ ഉണക്കുവാൻ തീയുടെ അരികെ ഇരുന്നു.

൨. 'കുട്ടി ഉണരുമ്പോൾ നമുക്ക് ഉടുപ്പു ധരിപ്പിക്കണം' എന്നു പറഞ്ഞു കിഴവി വലിയ പെട്ടിയുടെ അടുക്കലേക്കു പോയി.

൩. പെട്ടി തുറന്നപ്പോൾ അകത്തു വളരെ സാധനങ്ങൾ വെള്ള കണ്ടു. ഒരു വശത്തു നിന്നു കുട്ടിയെ ധരിപ്പിക്കാൻ വേണ്ടുന്ന തുണികൾ കിഴവി എടുത്തു.




'കുട്ടിയെ ധരിപ്പിക്കാൻ വേണ്ടുന്ന തുണികൾ കിഴവിയെടുത്തു'

൪. തുണികൾ നെരിപ്പോടിന്റെ അടുക്കൽ വച്ച് അവൾ പറഞ്ഞു: 'വളരെക്കാലം മുമ്പെ, ഈ കുടിലിൽ ഒരു കുട്ടി ഉണ്ടായിരുന്നു. അതു പോയി.'

൫. 'അതിന്റെ പേർ എന്തായിരുന്നു'? എന്നു വെള്ള ചോദിച്ചു.

൬. 'മുത്ത് എന്നായിരുന്നു, ഈ കുട്ടിക്കും അതു് ഒരു നല്ല പേരായിരിക്കും; എന്തെന്നാൽ കടലിൽ നിന്നല്ലെ വന്നുചേർന്നതു്. എങ്കിലും അതിനെ ആനന്ദം എന്നു വിളിക്കാൻ ഞാൻ നിശ്ചയിച്ചു' എന്നു കിഴവി പറഞ്ഞു.

## ഭാഗം ൧൪

### വെള്ളുവിന്റെ ജോലി

൧. ഇപ്പോൾ വെള്ളുവിനു ജോലി ഉണ്ടായി. കിഴവിയമ്മ പുറത്തുപോകുന്ന സമയം അവൻ കുട്ടിയെ കാത്തുകൊണ്ടിരുന്നു. അതു നല്ല ജോലിയായിരുന്നു, അല്ലെ?

൨. ഒരു ദിവസം പട്ടിയോടുകൂടെ വളരെ നേരം കളിച്ചതിന്റെ ശേഷം ആനന്ദം, അവന്റെ മനോഹരവും മൃദുവും ആയ രോമത്തിൽ തലവച്ചു കിടന്നുറങ്ങി; വെള്ളു അനങ്ങാതെ കിടന്നു.




ആനന്ദം, അവന്റെ മനോഹരവും മൃദുവും ആയ രോമത്തിൽ തലവച്ചു കിടന്നുറങ്ങി

൩. കിഴവി വന്ന് അവരെ കണ്ടപ്പോൾ സന്തോഷം അവളുടെ കണ്ണുകളിൽ പ്രകാശിച്ചു. 'അമ്മേ! ഇപ്പോൾ നിങ്ങളുടെ മുഖത്തു വ്യസനഭാവം കാണുന്നില്ലല്ലോ' എന്നു പെട്ടി പറഞ്ഞു

൪. 'ഇല്ല വെള്ളു! ഞാൻ ഇപ്പോൾ സന്തോഷിക്കുന്നു' എന്ന് അവൾ പറഞ്ഞു.

൫. 'കൈവിട്ടുപോയതു നിങ്ങൾക്കു കിട്ടിയായിരിക്കും' എന്ന് അവൻ പറഞ്ഞു.

൬. 'ഉവ്വ്, വെള്ളു! നീ വന്നപ്പോൾ അതു കിട്ടിയതുപോലെ ആയി, ആനന്ദം വന്നപ്പോൾ മഴവന്നമായി. അതുകൊണ്ടു് ഞാൻ സന്തോഷിക്കുന്നു' എന്നു കിഴവി പറഞ്ഞു.

---

## ഭാഗം ൧൩

### പൂച്ചയെ കാണുവാൻ വെള്ളു ആഗ്രഹിക്കുന്നു.

൧ കറുത്തപക്ഷം കഴിഞ്ഞപ്പോൾ വെള്ളു കിഴവിയോടു പറഞ്ഞു: 'അസാധാരണ മനുഷ്യനേയും പൂച്ചയേയും കാണുവാൻ ദയയുണ്ടായി നിങ്ങൾ എന്നെ അയയ്ക്കാമോ?,

൨. കിഴവി പറഞ്ഞു: 'അങ്ങനെ തന്നെ, നല്ല കുട്ടി! ഞാൻ അയയ്ക്കാം. എന്നാൽ നീ വീണ്ടും ഞങ്ങളുടെ അടുക്കൽ വരണം. നീ വന്നില്ലെങ്കിൽ ആനന്ദത്തിന്നു കൂട്ടില്ലാതെ ആകും.'

൩. 'ഞാൻ തിരിയെ വരാം. പക്ഷെ പൂച്ച എന്റെ കൂടെ വരുമായിരിക്കും,' എന്നു വെള്ളു പറഞ്ഞു.

൪. അവൻ പുറപ്പെട്ടു കടൽപ്പുറത്തുകൂടെ തരിശുനിലത്തിൽ എത്തി കുന്നുകേറി ഇറങ്ങി ചാലിലേക്കു തിരിച്ചു.

൫. തരിശ്ശുനിലത്തുവച്ചു കാക്ക അവനെക്കണ്ടു് വേഗത്തിൽ പൂച്ചയുടെ അടുക്കലേക്കു പറന്നു.

൬. 'അല്ലയോ പൂച്ചേ! കാൎയ്യം നന്നായില്ലേ, പട്ടി നമ്മെ കാണ്മവാൻ വരുന്നു. ഞാൻ തരിശ്ശുനിലത്തു് അവനെ കണ്ടു' എന്നു കാക്ക പറഞ്ഞു.


൭. അപ്പോൾ പൂച്ച സന്തോഷിച്ചു് 'അവനു നല്ല ഭക്ഷണം തയ്യാറാക്കണം' എന്നു പറഞ്ഞു.

---

## ഭാഗം ൧൩

### വെള്ളം വീട്ടിൽ എത്തി.

൧. വെള്ളവും പൂച്ചയും ഒന്നിച്ചിരുന്നു് അവന്റെ പഴയ വീട്ടിൽവച്ചു ഭക്ഷണം കഴിച്ചു, പിന്നെ ഉ




'വെള്ളവും പൂച്ചയും ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു'

ഫയിൽച്ചെന്നു് അസാധാരണ മനുഷ്യനെക്കണ്ട വിവരങ്ങൾ എല്ലാം പറഞ്ഞു.

൨. കിഴവിയമ്മയുടെ വൎത്തമാനങ്ങൾ വെള്ളു അവനോടു പറഞ്ഞു, അവൾക്കു വള്ളത്തിൽ നിന്നു് ആനന്ദത്തെ കിട്ടിയ വിവരവും പറഞ്ഞു. അസാധാരണ മനുഷ്യൻ 'ഫം, ഫം, ഫം' എന്നു പുകവിട്ടുകൊണ്ടു് 'അതു നന്നായി' എന്നു പറഞ്ഞു.

൩. 'വെള്ളൂ! ഇനി നീ പൂച്ചയോടുകൂടെ പാൎക്കു മല്ലോ. എനിക്കു നിന്നെ പതിവായി കാണാമല്ലോ' എന്നു് ആ മനുഷ്യൻ പറഞ്ഞു.

൪. 'യജമാനനെ! അതിനു തരമില്ല. ഞാൻ ആനന്ദത്തിന്റെ അടുക്കലേക്കു തന്നെ ചെല്ലണം. ഞാൻ ചെന്നില്ലെങ്കിൽ ആ കുട്ടി വ്യസനിക്കും. എനിക്കു പൂച്ചയെ കൊണ്ടുപോയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. പക്ഷെ പൂച്ചക്കു് ഒരു വാഹനം വേണ്ടിയിരിക്കുന്നു. അതിനു് ഒരു നിവൃത്തി കാണുന്നില്ല' എന്നു പട്ടിപറഞ്ഞു.

൫. അസാധാരണമനുഷ്യൻ പുകവലിച്ചുകൊണ്ടു് അല്പനേരം നിന്നു, പിന്നെ പറഞ്ഞു: 'ഞാൻ ഒരു ഉപായം ഉണ്ടാക്കാം.'

---

## ഭാഗം ൬

### അസാധാരണമനുഷ്യനു ഒരു ഉണ്ടു്.

൧. കുറെ ദിവസം കഴിഞ്ഞു. അപ്പോൾ അസാധാരണമനുഷ്യൻ പട്ടിയോടു പറഞ്ഞു: 'വെള്ളൂ! നീ പോയി ഉഫയ്ക്കകത്തു് എന്തു് ഇരിക്കുന്നു എന്നു നോക്കുക.'

൨. വെള്ളു ഉഫയ്ക്കകത്തേക്കു കടന്നു നോക്കിയപ്പോൾ പൂച്ചയ്ക്കു് ഇരിക്കുവാൻ മാത്രം വലിപ്പമുള്ള മ

നോഹരമായ ഒരു ചെറിയ വണ്ടി കണ്ടു. അവനു വലിക്കാവുന്ന ഭാരമേ അതിന് ഉണ്ടായിരുന്നുമുള്ളു.

൩. വെള്ളൂ വെളിയിൽ വന്നു പറഞ്ഞു: 'യജമാനനു വന്ദനം. യജമാനന്റെ മനോജ്ഞണം കൊണ്ടു തന്നെ ആണ് പൂച്ചയ്ക്ക് ഇത്ര മനോഹരമായ ഒരു വണ്ടിയുണ്ടായത്. ഞങ്ങളെ വേഗത്തിൽ അയയ്ക്കാമോ?'

൪. 'അങ്ങനെ തന്നെ. സൂര്യൻ ഉദിക്കുമ്പോൾ എഴുന്നേററുവരിക. കുറെ ദൂരം പോകാനുണ്ടല്ലൊ' എന്ന് അസാധാരണമനുഷ്യൻ പറഞ്ഞു.

൫. വെള്ളു പൂച്ചയുടെ അടുക്കലേക്ക് ഓടിച്ചെന്നു പറഞ്ഞു: 'നാളെ നേരം വെളുക്കുമ്പോൾ നമുക്ക് എഴുന്നേൽക്കണം. അതിനാൽ ഇപ്പോൾ കിടന്നുറങ്ങാം.'

---

## ഭാഗം ൧൪

### പൂച്ച സവാരിചെയ്യുന്നു.

൧. പിറെറദ്ദിവസം സൂര്യനുദിച്ചപ്പോൾ പട്ടിയും പൂച്ചയും ഗുഹയിലേക്കു തിരിച്ചു. അസാധാരണമനുഷ്യൻ വാതിൽക്കൽ പുക വലിച്ചുകൊണ്ടു നിൽക്കുന്നതവർ കണ്ടു.

൨. അഴുക്കുകളഞ്ഞു രോമങ്ങളെ വെളുപ്പിച്ചുകൊണ്ടു പൂച്ച വന്നു. 'അല്ല! ഇന്നു നിനക്ക് എത്ര അഴകു തോന്നുന്നു' എന്ന് അസാധാരണമനുഷ്യൻ പറഞ്ഞു.

൩. അവൻ വണ്ടി വെളിയിൽ കൊണ്ടുവന്ന് പോൾമരം വെള്ളുവിന്റെ പുറത്തുവച്ചു കയറുകൊണ്ടു മുറുക്കെ കെട്ടി. പൂച്ച വണ്ടിയിൽ കയറി ഒരു പ്രഭുസ്ത്രീയെപ്പോലെ തല ഉയർത്തി ഇരുന്നു.

൪. 'ഇനി പുറപ്പെടാം. നിങ്ങൾക്കു നല്ലതുവരട്ടെ! വഴി തെററിപ്പോകരുതെ' എന്നു പറഞ്ഞ് അസാധാരണമനുഷ്യൻ അവരെ യാത്ര അയച്ചു.

൭. അവർ കുന്നുകേറി ഇറങ്ങി തരിശുനിലത്തിൽ എത്തി. ഇത്തവണ വെള്ളു അതിവേഗത്തിൽ ഓടിയില്ല; എന്തെന്നാൽ പൂച്ചയുടെ വണ്ടികൂടെ വലിച്ചുകൊണ്ടുപോകേണ്ടിയിരുന്നു.

൮. സൂര്യൻ അസ്തമിച്ചു; നല്ലവണ്ണം ഇരുട്ടിക്കഴിഞ്ഞില്ല. അപ്പോഴേക്കു് ഒരാൾ അവരുടെ അടുക്കൽ എത്തി. അതു് ആരായിരിക്കും? ഞാൻ പറയാം.

---

## ഭാഗം ൯

### ഉപായിയായ കുറുക്കൻ.

൧. അതു കുറുക്കൻ ആയിരുന്നു. അവൻ അടുത്തു വന്നു പറഞ്ഞു: 'പ്രിയനായ പട്ടി! നേരം വൈകിട്ടു




'കുറുക്കൻ അടുത്തുവന്നു പറഞ്ഞു: പ്രിയനായപട്ടി! നേരം വൈകീട്ടും നിങ്ങൾ പുറത്തു സഞ്ചരിക്കുന്നല്ലോ'

നിങ്ങൾ പുറത്തു സഞ്ചരിക്കുന്നതല്ലോ. പൂച്ചയോടുകൂടി എന്റെ ഗുഹയിൽ വന്നു വിശ്രമിക്കുക. ഇവിടെ നിന്നു വളരെ അകലമില്ല. കയറു കഴുത്തിൽ നിന്നു ഞാൻ അഴിച്ചുമാററാം.'

൨. 'നമുക്കു പോകാം. എനിക്കു വിശ്രമിക്കുവാൻ ആഗ്രഹമുണ്ടു്' എന്നു പറഞ്ഞു പൂച്ച വണ്ടിയിൽനിന്നിറങ്ങി.

൩. 'വേണ്ടാ. നാം വഴിതെററാതെ പോകണം. ലയചെസ്റ്റു വണ്ടിയിൽ കേറിയാലും' എന്നു വെള്ള പറഞ്ഞു.

൪. പൂച്ച പറഞ്ഞു: 'ഞാൻ കേറുന്നില്ല. കുറുക്കന്റെ കൂടെ പോകാൻ എനിക്കു് ആഗ്രഹമുണ്ടു്. കുറുക്കാ! നിന്റെ ഗുഹയിലേക്കു വഴികാട്ടുക. ഞാൻ വരാം.' പൂച്ച കുറുക്കന്റെ കൂടെ പോയി.

൫. അവർ അധികം ദൂരം പോകുന്നതിനുമുമ്പിൽ പൂച്ച ഉറക്കെവിളിച്ചു കരഞ്ഞു: 'അയ്യോ, എന്റെ പാദങ്ങൾ ഉറച്ചുപോയേ. എന്നെ സഹായിക്കാൻ വരണേ.' എന്നാൽ കുറുക്കൻ ചെന്നില്ല. അവൻ ഓടിക്കളഞ്ഞു.

---

## ഭാഗം ൨൦

### പൂച്ച ചേറിൽ അകപ്പെട്ടു.

൧. പൂച്ചയുടെ അടുക്കലേക്കു് ഓടി വന്നതു പട്ടി ആയിരുന്നു. അവനെ വണ്ടിയിൽ പൂട്ടിയിരുന്നതിനാൽ കെട്ടു് ഊരാൻ കുറെ ശ്രമം വേണ്ടിവന്നു.

൨. കുറുക്കൻ വഴികാണിച്ചു പൂച്ചയെ ചേറിൽ ചാടിച്ചു. അതിനാൽ അവളുടെ പാദങ്ങൾ ചേറിൽ പൂന്തിപ്പോയി.

൩. പൂച്ചയെ വലിച്ചു മാററുവാൻ വെള്ളം വളരെ ശ്രമപ്പെടേണ്ടിവന്നു. അവളുടെ പാദങ്ങൾ ചേറു പിരണ്ടു് കറുത്തുപോയി.

൪. അവൾ വ്യസനിച്ചുകൊണ്ടു ചെന്നു വണ്ടിയിൽ കേറി. അപ്പോൾ പട്ടി പറഞ്ഞു: 'പൂച്ചേ! ഇനി നിനക്കു സവാരിചെയ്യാൻ തരമില്ല. എന്നെ വണ്ടിയിൽ പൂട്ടുന്നതിന്നു് അസാധാരണമനുഷ്യൻ ഇവിടെ ഇല്ല. അതുകൊണ്ടു നിന്നെ വണ്ടിയിൽ ഇരുത്തി വലിച്ചുകൊണ്ടുപോകാൻ എനിക്കു പാങ്ങില്ല.'

൫. അതിനാൽ അവർ പാടത്തു വണ്ടിവിട്ടു. ശിഷ്ടമുള്ള വഴിയെല്ലാം പൂച്ച പട്ടിയുടെ കൂടെ നടന്നുതന്നെ പോകേണ്ടിവന്നു.

൬. 'ഹാ! ഞാൻ നേർവഴിവിടാതെ പോയാൽ മതിയായിരുന്നു. കുറുക്കൻ എന്നെ ചേറിൽ ചാടിച്ചതു് ഒട്ടും നന്നായില്ലാ' എന്നു് ആ പൂച്ച പറഞ്ഞു.

൭. 'അതെ, അവൻ പണ്ടത്തെ കുറുക്കൻ തന്നെ ആണു്. അവന്നു വാലില്ലെന്നു് ഞാൻ നോക്കി അറിഞ്ഞിരിക്കുന്നു' എന്നു പട്ടി പറഞ്ഞു.

൮. പട്ടിയുടെ വാക്കിന്റെ താല്പര്യം എന്തായിരുന്നു? ഓ! അതു് ഒരു പഴേകഥയാകുന്നു. നിങ്ങൾ അതു

വായിക്കുമ്പോൾ കുറുക്കന്റെ വാൽ എങ്ങനെപോയി എന്നു മനസ്സിലാകും.

---

## ഭാഗം ൨൮

ഒടുവിൽ കുടിലിൽ എത്തി.

൧. അവൻ കുടിലിൽ എത്തിയപ്പോഴേക്കു നേരം രാത്രിയായി. വിശ്രമിക്കാമല്ലോ എന്നു വെള്ളു സന്തോഷിച്ചു.

൨. കതകു് അടച്ചിരുന്നു. എന്തെന്നാൽ കിഴവിയും ആനന്ദുവും ഉറങ്ങിക്കഴിഞ്ഞു. അതുകൊണ്ടു വാതിൽക്കൽ ഉണ്ടായിരുന്ന പായിൽ അവർ കിടന്നുറങ്ങി.

൩. രാവിലെ കിഴവി ഉണർന്നു കതകു തുറന്നപ്പോൾ വെള്ളുവിനെക്കണ്ടു സന്തോഷിച്ചു.

൪. 'നീ പറഞ്ഞിട്ടുള്ള പൂച്ച ഇതാണോ? പാദങ്ങൾ എത്ര കറുത്തിരിക്കുന്നു. അല്ല, ചേറു പിരണ്ടിരിക്കയാണോ?' എന്നു കിഴവി ചോദിച്ചു. പൂച്ച തല താഴ്ത്തിക്കൊണ്ടു പട്ടിയോടു കൂടെ അകത്തേക്കു കടന്നു.

൫. ഉടനെ കിഴവി വെള്ളുവിനു് ഒരു എല്ലും പൂച്ചയ്ക്കു കുറെ പാലും കൊടുത്തു.

൬. ആനന്ദം ഉണർന്നപ്പോൾ പൂച്ചയേയും പട്ടിയേയും കണ്ടു സന്തോഷിച്ചു. രോമങ്ങളുടെ മാർദ്ദവം

റിയുന്നതിന്നായി ആനന്ദം അവളുടെ മുഖം പൂച്ചയു രോമത്തോടു ചേൎത്തു.

൭. എന്നാൽ അവൾക്കു പൂച്ചയോടു തോന്നിയ ൽ അധികം പ്രിയം പട്ടിയോടു തോന്നി എന്നു ഞാൻ വിചാരിക്കുന്നു; എന്തെന്നാൽ വെള്ളു അവ ളോടു ദയ കാണിച്ചിരുന്നല്ലൊ.

---

## ഭാഗം ൧൧

### ഒരാൾ വരുന്നു.

൧. ക്രമേണ ആനന്ദത്തിനു തറയിൽ ഓടിനടക്കാ റായി. ഒരുദിവസം കടൽപുറത്തു മണ്ണിൽ കളിക്കാൻ അവർ എല്ലാവരും പോയി.

൨. വെള്ളു കടലിൽ മുങ്ങാൻ ഇറങ്ങി. ആനന്ദ ത്തിന്റെ പാദങ്ങൾ മൂടിട്ടില്ലായിരുന്നതിനാൽ അലകൾ അവളുടെ വിരല്യകളിലേക്കു അടിച്ചുകേറി.

൩. പൂച്ച കിഴവിയുടെ അടുക്കെ ഒരു പാറയിൽ ഇരുന്നതേ ഉള്ളു. അവളുടെ മനോഹരവും മൃദുവും ആയ രോമങ്ങളെ നനസ്സാൻ പൂച്ച ആഗ്രഹിച്ചില്ല.

൪. അവർ അവിടെ ഇരുന്നപ്പോൾ ഒരാൾ വന്നു. അതാരാണെന്നു മനസ്സിലായോ?

൫. വെള്ളു ആ ആളിനെ ദൂരെ കണ്ടു. അവൻ കടലിൽക്കൂടെ വരികയായിരുന്നു. അവനെ എതിരേൽ ക്കുവാൻ വെള്ളു ഓടിച്ചെന്നു. അതു് അസാധാരണ മ നുഷ്യൻ ആയിരുന്നു.



‘നിനക്കു സൌഖ്യംതന്നെയൊ? എന്നു് അവൻ കിഴവിയോട്ട ചോദിച്ചു’

൯. ‘നിനക്കു സൌഖ്യംതന്നെയോ?, എന്നു കിഴവിയോട്ട ചോദിച്ചുകൊണ്ടു് അവൻ അവൾക്കു കൈ കൊടുത്തു. പിന്നെ അവനും പാറപ്പുറത്തു് ഇരുന്നു.

൰. വെള്ളവും പൂച്ചയും അവന്റെ അടുക്കെ ഇരുന്നു. ആനന്ദം കിഴവിയുടെ മടിയിലും ഇരുന്നു. അവരെല്ലാം സന്തോഷിച്ചു.

---

# ഭാഗം ൨൩

## അവസാനം.

൧. കുറേനേരം കഴിഞ്ഞപ്പോൾ കിഴവി കുട്ടിയേക്കൊണ്ടു കുടിലിലേയ്ക്കു തിരിച്ചു. അവർ പോകുമ്പോൾ വെള്ള പറഞ്ഞു: 'അമ്മയ്ക്കു് ഇപ്പോൾ വിഷാദം കാണുന്നില്ല, യജമാനനെ!'

൨. 'ഇല്ല, ഇപ്പോൾ അവളുടെ കണ്ണുകളിൽ വ്യസനഭാവം ഇല്ല' എന്നു് അസാധാരണമനുഷ്യൻ പറഞ്ഞു.

൩. 'കളഞ്ഞുപോയതു് അമ്മയ്ക്കു കിട്ടിക്കഴിഞ്ഞു' എന്നു വെള്ള പറഞ്ഞു.

൪. 'വെള്ള! എന്താണു് കളഞ്ഞുപോയിരുന്നതു്' എന്നു് ആ മനുഷ്യൻ ചോദിച്ചു.

൫. 'യജമാനനെ! എനിക്കറിഞ്ഞുകൂടാ. എന്നാൽ ആനന്ദത്തോടുകൂടെ അതു തിരിയെ വന്നു ചേർന്നു' എന്നു വെള്ള പറഞ്ഞു.

൬. 'ഞാൻ പറയാം. സ്നേഹം കൈവിട്ടുപോയിരുന്നു' എന്നു് അസാധാരണമനുഷ്യൻ പറഞ്ഞു.

൭. ചീട്ടിൽ എഴുതിയിരുന്ന വാക്കു് അതായിരുന്നോ? പക്ഷേ അതുതന്നെ ആയിരിക്കാം.

ശുഭം.